കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അവണ്ണൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2015-16

# ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ
e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (പി3)2103/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, തൃശ്ശൂർ – 680 020

തിയതി 17.12.2016
Ph.No 0487 2331249
e-mail id : dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അവണ്ണൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- അവണ്ണൂർഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1,2-4,2-6 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-8,3-10 3-21 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ (പി3)2103/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, തൃശ്ശൂർ – 680 020

തിയതി 17.12.2016
Ph.No 0487 2331249
e-mail id : dotsr.ksad@kerala.gov.in

തൃശ്ശൂർ ജില്ലയിലെ അവണ്ണൂർഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 06-04-2016 മുതൽ 19-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.കെ.യു.ചേക്കുട്ടി.<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 19-11-2016 മുതൽ 26-11-2016വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി റീനാ ജോസഫ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സുനിൽ.പി.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. പ്രസാദ്.പി.ജി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ഷഹീർ.എസ്. | ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.രാജേന്ദ്രൻ അരങ്ങത്ത്<br>01-04-2015 മുതൽ 30.10.15 വരെ | |
| | | അഡ്ഹോക്ക് കമ്മിറ്റി - 1.11.2015 മുതൽ 30.11.15 വരെ | |
| | | ശ്രീമതി.വിജയാബാബുരാജ്<br>01-12-2015 മുതൽ 31.03.2016 | |
| സെക്രട്ടറി | : | ശ്രീ.എം.ജി.ശ്രീധരൻ | 01-04-2015 മുതൽ വരെ<br>31-05-2015 |
| | | ശ്രീ.ഒ.എം.ഫ്രാൻസിസ്.<br>(അഡി.ചാർജ്ജ്) | 01-06-2015മുതൽ<br>30-07-2015വരെ |
| | | | 08-01-2016 മുതൽ<br>04-02-2016വരെ |
| | | ശ്രീ.ദീപു ദിവാകരൻ | 31-07-2015 മുതൽ |

| | | |
|---|---|---|
| | | 08-01-2016വരെ |
| | ശ്രീമതി..കെ.ബി.രെജി. | 04-02-2016മുതൽ<br>31-03-2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| കൃഷി ഓഫീസർ | : | ശ്രീ.സോമകുമാർ.പി.. | 01.04.15 മുതൽ<br>31-03-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | : | ശ്രീമതി. സന്ധ്യാകൃഷ്ണ | 01.04.15 മുതൽ<br>31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | : | ഡോ. പി.എസ്. സന്തോഷ് | 01.04.15 മുതൽ<br>31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | :<br>: | ഡോ.ജിജി. പി. | 01.04.15 മുതൽ<br>31-03-2016 വരെ |
| വെറ്ററിനറി സർജൻ | : | ഡോ. പുഷ്കരൻ. | 01.04.15 മുതൽ<br>31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | : | ഡോ. സീനാ ആന്റണി.എൻ | 01-04-2015മുതൽ 31-03-2016 വരെ |
| പ്രധാനാദ്ധ്യാപിക | : | ശ്രീമതി. പത്മിനി.എ.ടി. | 01.04.15 മുതൽ<br>31-03-2016 വരെ |

| | | | |
|---|---|---|---|
| വി.ഇ.ഒ<br>അവണൂർ സർക്കിൾ | : | ശ്രീമതി.രഞ്ജനി.എൻ. | 01.04.15മുതൽ<br>15-07-2015വരെ |
| | | ശ്രീമതി.നീര.പി.ജി. | 16-07-2015മുതൽ<br>31-03-2016 വരെ |
| വി.ഇ.ഒ<br>ചൂലിശ്ശേരി സർക്കിൾ | | ശ്രീമതി.അജ്റ | 01.04.15മുതൽ<br>04-09-2015 വരെ |
| | | ഒഴിവ് | 05.09.15 മുതൽ<br>24.09.15 വരെ |
| | | ശ്രീ.അബ്ദുൾ ജലാൽ | 25-09-2015മുതൽ<br>31-03-2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | : | ശ്രീമതി. ഷെർളി.ഇ.ജെ. | 01.04.15 മുതൽ<br>31-03-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | : | ശ്രീ.ഒ.എം.ഫ്രാൻസിസ്. | 01.04.15 മുതൽ<br>31-03-2016 വരെ |

ഉള്ളടക്കം


| നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിൽ ഗുരുതരമായ വീഴ്ച | 2-1 |
| 12 | ടെണ്ടർ ഫോം വില്പന – 28990/-രൂപ പഞ്ചായത്തിന് ലഭ്യമായിട്ടില്ല | 2-2 |
| 13 | ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ | 2-3 |
| 14 | D & O ലൈസൻസ് അപാകതകൾ | 2-4 |
| 15 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ – അപാകതകൾ | 2-5 |
| 16 | വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ | 2-6 |
| 17 | കെട്ടിട നിർമ്മാണ പെർമിറ്റ് അപാകതകൾ | 2-7 |
| | ഭാഗം – 3 | |
| 18 | പദ്ധതി ചെലവ് വിശദാംശങ്ങൾ | 3-1 |
| 19 | പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം | 3-2 |
| 20 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ – അടങ്കൽ തുക കുറച്ച് കൂടുതൽ പ്രവൃത്തികൾ ചെയ്യുന്ന രീതി ഉപേക്ഷിക്കേണ്ടതാണ്. | 3-3 |

| | | |
|---|---|---|
| 21 | മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പരിഗണിക്കണം | 3-4 |
| 22 | റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല | 3-5 |
| 23 | ഇ-ടെണ്ടർ നടപടികളിലെ അപാകതകൾ | 3-6 |
| 24 | 5 ലക്ഷത്തിന് മുകളിലുള്ള മരാമത്ത് പ്രവൃത്തികൾ – ഇ ടെണ്ടർ ചെയ്യുതി വഴി പഞ്ചായത്തിന് 636851/-രൂപ ലാഭം. | 3-7 |
| 25 | സോഷ്യോ എക്കണോമിക്സ് യൂണിറ്റ് ഫൗണ്ടേഷനിൽ ഡെപ്പോസിറ്റ് – പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല | 3-8 |
| 26 | എടക്കുളം കുടിവെള്ള പദ്ധതി -രേഖകൾ പ്രകാരം പൂർത്തീകരിക്കാത്ത പ്രവർത്തി | 3-9 |
| 27 | ഉദ്ഘാടനം കഴിഞ്ഞ കുടിവെള്ള പ്രൊജക്ടുകൾ – ഫൈനൽ ബിൽ, പൂർത്തീകരണ രേഖകൾ തുടങ്ങിയവ ലഭ്യമായിട്ടില്ല | 3-10 |
| 28 | ടാറിംഗ്, റീടാറിംഗ് പ്രവർത്തികൾ – എസ്റ്റിമേറ്റിൽ സുതാര്യത ഇല്ല | 3-11 |
| 29 | മീറ്റർ സ്ഥാപിക്കൽ പ്രോജക്റ്റ് പൂർത്തീകരിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം | 3-12 |
| 30 | കെട്ടിക നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയത്-കൈപ്പറ്റ് ലഭ്യമാക്കില്ല | 3-13 |
| 31 | കുറഞ്ഞ അടങ്കലുള്ള പൊതുമരാത്ത് പ്രവർത്തികളുടെ എണ്ണം കൂടുതൽ | 3-14 |
| 32 | വാർഷിക പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം-വ്യവസ്ഥാപിത നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്. | 3-15 |

| | | |
|---|---|---|
| 33 | ലൈബ്രറി സെസ്സ് -സമയബന്ധിതമായി അടവാക്കിയില്ല | 3-16 |
| 34 | സർക്കാർ ഉത്തരവുകൾ പാലിക്കാതെ പരസ്യങ്ങൾ നല്കൽ | 3-17 |
| 35 | അസാധാരണ ചെലവുകൾ – ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല | 3-18 |
| 36 | പാലിയേറ്റീവ് പരിചരണം – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-19 |
| 37 | പി.എച്ച്.സി.യിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ – അപാകതകൾ | 3-20 |
| 38 | പകർച്ചവ്യാധി നിയന്ത്രണം – പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-21 |
| 39 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 3-22 |
| 40 | തെരുവ് വിളക്ക് റിപ്പയർ – കരാറുകാരനിൽ നിന്നും നിയമാനുസരണമായ നികുതികൾ ഈടാക്കിയില്ല | 3-23 |
| 41 | ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത കെട്ടിടത്തിൽ അംഗൻവാടി പ്രവർത്തിക്കുന്നു | 3-24 |
| 42 | K.S.E.B.ഡെപ്പോസിറ്റ് പ്രവർത്തി – പ്രവർത്തി രൂപീകരണ സാക്ഷ്യപത്രം ഹാജരാക്കണം | 3-25 |
| 43 | ആശ്രയ പദ്ധതി പുരോഗതി | 3-26 |
| 44 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-27 |
| | ഭാഗം 4 | |
| 45 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 46 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 48 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 49 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 50 | ഓഡിറ്റ് റിക്കവറി | 4-6 |
| 51 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 52 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 18-03-2015 ലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. അതു പ്രകാരം പ്രതീക്ഷിത വരവ് ₹13,28,95,151/- (മുന്നിരുപ്പ് ഉൾപ്പെടെ)പ്രതീക്ഷിത ചെലവ് ₹13,21,20,660/- ആണ്. ബജറ്റ് അവലോകനം താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (+)/(-) |
|---|---|---|---|
| വസ്തുനികുതി | 55,00,000 | 44,89,230 | (-)1,01,0770 |
| സേവന നികുതി | 9,13,000 | 7,45,332 | (-)1,67,668 |
| തൊഴിൽ നികുതി | 46,00,000 | 53,17,000 | (+)7,17,000 |
| ഓഡിറ്റോറിയം വാടക | 1,50,000 | 95,450 | (-)54,550 |
| പെർമിറ്റ് ഫീ | 3,45,000 | 2,09,268 | (-)135732 |
| വിനോദ നികുതി | 45,000 | 43.603 | (-)1,397 |

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|
| 31-07-2016 | 29-07-2016 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 25-11-2016 |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

*ന്യൂനതകൾ*

*1)*ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

*2)*സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2,33,01,393 |
| വരവ് | ₹5,08,48763 |
| ആകെ | ₹7,41,50,156 |
| ചെലവ് | ₹5,55,87,795 |
| നീക്കിയിരിപ്പ് | ₹1,85,62,361 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | *വരവ് തുക | **ആകെ തുക | *** ചെലവ് തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിബാക്കി (RP 40b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2096537 | 1400143 | 8249789 | 8249789 | (+)4753109 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 1570063 | 44,58,533 | 60,28,596 | 5506033 | (-)522563 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | 57,000 | 57,000 | 57,000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 324196 | 1,05,53,336 | 1,08,77,,532 | 1,08,77,532 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1163227 | 7,88,788 | 19,52,015 | 19,52,015 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1055246 | 51,53,648 | 62,08,894 | 41,74,515 | (-)2034379 | 0 |
| ലോക ബാങ്ക് സഹായം | 2196167 | 14,71,159 | 36,67,326 | 14,71,159 | (-)2196167 | 0 |

*AFS ഷെഡ്യൂൾ RP-31 പ്രകാരം

**ട്രാൻസ്ഫർ ക്രെഡിറ്റ് + വരവ് തുക

*** ACRപ്രകാരം

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 59338438 | 147 | 42468273 | 19 | 26 | 85 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം.9.45% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,05,78,981 | 81,81,053 | (-)23,97,928 | (-)22.66% |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 6,98,960 | 14,06,474 | (+)707514 | (+)101.22% |
| മറ്റുവരവുകൾ | 91,89,851 | 89,44,344 | (-)245507 | (-)2.67 |
| ആകെ | 2,04,67,792 | 1,85,31,871 | (-)1935921 | (-)9.45% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 205250 | 130 |
| കർഷകതൊഴിലാളി പെൻഷൻ | 4297200 | 542 |
| വിധവാപെൻഷൻ | 6069480 | 500 |
| വാർദ്ധക്യകാലപെൻഷൻ | 6804450 | 864 |
| വികലാംഗപെൻഷൻ | 1766375 | 216 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 1446480 | 171 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ആക്റ്റിലെ 6(4)ലെ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2016ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി പരിശോധനയിൽ രൂപ 22683/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഡി&ഒ ലൈസൻസ് രജിസ്റ്റർ,തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ബിൽഡിംഗ് ലൈസൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ എഴുതി പൂർത്തികരിച്ച് പരിപാലിയ്ക്കുന്നതിൽ വീഴ്ച വരുത്തികാണുന്നു. ആയത് എഴുതി പൂർത്തീകരിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-11-2016 | 10/2016 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-11-2014 മുതൽ 05-12-2014 വരെ | 2009-10മുതൽ 2013-2014 വരെ | 08-01-2015 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതികുടിശിക പിരിയ്ക്കുന്നതിൽ ഗുരുതരമായ വീഴ്ച

അവണൂർ ഗ്രാമപഞ്ചായത്തിലെ കഴിഞ്ഞ ആറുവർഷത്തെ വസ്തുനികുതി പിരിവ് താഴെ ചേർക്കുന്നു

| വർഷം | കുടിശിക ഒഴികെയുള്ള വസ്തുനികുതി | | |
|---|---|---|---|
| | ഡിമാന്റ് തുക | പിരിവുതുക | പിരിവ് ശതമാനം |
| 2010-11 | 11,23,940 | 7,77,348 | 69.16 |
| 2011-12 | 11,35,007 | 9,27,831 | 81.74 |
| 2012-13 | 23,01,938 | 17,45,812 | 75.84 |
| 2013-14 | 23,21,332 | 22,20,790 | 95.66 |
| 2014-15 | 90,817,48 | 43,16,959 | 47.53 |
| 2015-16 | 97,17,731 | 33,48,041 | 34.45 |

വാർഷിക കണക്ക് പ്രകാരം 31-03-2016ന് ₹56,98,485/-ആകെ വസ്തുനികുതി കുടിശികയിനത്തിൽ പിരിച്ചെടുക്കുന്നതിനുണ്ട്.ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് താഴെ

ചേർക്കുന്നു.

| വർഷം | 2013-14 | 2015-15 | 2015-16 | ആകെ |
|---|---|---|---|---|
| കുടിശിക | 96,759 | 33,94,701 | 22,07,025 | 56,98,485 |

കഴിഞ്ഞ രണ്ടു വർഷങ്ങളായി വസ്തുനികുതി കുടിശികയിനത്തിൽ വൻ വർദ്ധനവ് ഉണ്ടായിരിക്കുന്നതായി കാണാം. വികസനാവശ്യത്തിനടക്കമുള്ള പഞ്ചായത്തിന്റെ ദൈനംദിന ആവശ്യത്തിനുപയോഗിക്കേണ്ട നികുതിപണം പിരിച്ചെടുക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. കുടിശിക നിർമ്മാർജ്ജനത്തിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ടെണ്ടർ ഫോം വിൽപന- 28,990/- രൂപ പഞ്ചായത്തിന് ലഭ്യമായില്ല.

2015-16 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന 28,990/- രൂപ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ടെണ്ടർ ഫോം വില | കരാറുകാരുടെ എണ്ണം | തുക |
|---|---|---|---|---|---|
| 1 | ചെറുവത്തൂർ ലെയിൻ കോൺക്രീറ്റിംഗ് (100/16) | 500000 | 1050 | 4 | 4200 |
| 2 | കാരോർ അയ്യപ്പൻകാവ് ഹരിജൻ കോളനി റോഡ് റീടാറിംഗ് (92/16) | 600000 | 1260 | 4 | 5040 |
| 3 | കരിയാൽ പാലം റോഡ് മെറ്റലിംഗ്, ടാറിംഗ് (39/16) | 541000 | 1115 | 5 | 5575 |
| 4 | പനംകുളം പരിസരം റോഡ് മെറ്റലിംഗ് ടാറിംഗ് (38/16) | 840000 | 1785 | 5 | 8925 |
| 5 | പരപ്പാറ മിച്ചഭൂമി റോഡ് റീടാറിംഗ് (81/16) | 500000 | 1050 | 5 | 5250 |
| | ആകെത്തുക | | | | 28,990 |

പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ

2015-16 വർഷം ടെണ്ടർ ഫോം വിൽപ്പനയിൽ ആകെ ലഭിച്ച തുകയുടെ കൃത്യത പരിശോധിക്കുന്നതിനായി ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ, വിൽപ്പന രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി (17/26.11.16) നൽകിയെങ്കിലും രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

## 2-4 ഡി & ഓ ലൈസൻസ് അപാകതകൾ

2-4-1) ഡി & ഓ ലൈസൻസ് ചട്ടം 17 പട്ടിക III പ്രകാരമുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് അനുപാതികമായി ഫീസ് ഈടാക്കിയത്തിൽ കുറവ്.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | 5/15-16 | സുരേന്ദ്രൻ.എം.ആർ. | മേച്ചേരി, 36 HP ഉപയോഗിച്ച് വേപ്പിൻ പിണ്ണാക്ക്, ജൈവ വളം നിർമ്മിക്കുന്നതിന്, അവണൂർ | 36 | 300 | 400 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 2 | 16/15-16 | സേവിയർ.സി.ജി. | യുണൈറ്റഡ് എലട്രോകോംസ് പ്രൈവറ്റ് ലിമിറ്റഡ്, മെഡിക്കൽ കോളേജ് റോഡ്. | 57 | 400 | 1000 | 600 |
| 3 | 27/15-16 | ടോണി പൈവ | പ്രീമിയർ ഫാസ്റ്റേനെർസ്, പെരിങ്ങണ്ടൂർ. | 75 | 900 | 1000 | 100 |
| 4 | 37/15-16 | നിക്സൺ.കെ.ഒ. | ഫൈൻ പ്ലാസ്റ്റ്, ചൈനാ ബസാർ | 25 | 200 | 300 | 100 |
| 5 | 41A/15-16 | ഷൺമുഖൻ.പി.കെ. | സെൻറോക് എഞ്ചിനീയറിംഗ് വർക്ക്സ്, മെഡിക്കൽ കോളേജ് റോഡ്. | 15 | 100 | 200 | 100 |
| 6 | 46/15-16 | അലക്സ്.പി.ജോർജ് | അൽകോ ഫാസ്റ്റേനെർസ്, പെരിങ്ങണ്ടൂർ. | 52 | 500 | 1000 | 500 |
| 7 | 49/15-16 | കെ.കെ.രാമചന്ദ്രൻ | സോഫ്റ്റി ഫ്രോസെൻ ഫുഡ് | 55 | 500 | 1000 | 500 |
| 8 | 67/15-16 | എൻ.എ.ബേബി | പ്രിയ | 55 | 900 | 1000 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | റബർ പ്രൊഡക്ട്സ്, സിഡ്കോ റോഡ്. | | | | |
| 9 | 93/15-16 | ലില്ലി തോമസ് | ഷാലോം കേബിൾ ഇൻഡസ്ട്രീസ്, അവണൂർ | 60 | 600 | 1000 | 400 |
| 10 | 107/15-16 | പി.റ്റി.വിൻസെന്റ് | പൊറത്തൂർ ബ്രദേഴ്സ് സ്റ്റോൺ ക്രഷിങ്, വേളകോട് | 20 | 0 | 200 | 200 |
| 11 | 108/15-16 | വി.എം.ബാബു | വെട്ടിക്കാട് പ്ലാസ്റ്റിക്സ്, അവണൂർ | 73 | 450 | 1000 | 550 |
| 12 | 109/15-16 | കെ.വി.ഷാജു | പി.സി .ഇൻഡസ്ട്രീസ്, ഡി.ഐ.സി. റോഡ് | 73 | 500 | 1000 | 500 |
| 13 | 110/15-16 | കെ.സി.വർഗ്ഗീസ് | ജോസ് ബ്രദേഴ്സ് ഫ്ലവർ മിൽ, മുണ്ടൂർ. | 12.5 | 50 | 200 | 150 |
| 14 | 112/15-16 | പി.എസ്.രാജൻ | പടിഞ്ഞാറെ ഫർണ്ണീച്ചർ, മണിത്തറ | 7 | 0 | 100 | 100 |
| 15 | 128/15-16 | അയ്യപ്പൻ.പി. | കൃഷ്ണാ ടിമ്പേഴ്സ്, | 45 | 450 | 500 | 50 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കോളങ്ങാട്ടുകര | | | | |
| 16 | 133/15-16 | ഇന്ദ്രൻ.എം. | സഹ്യ ഹെർബൽ ഫുഡ് പ്രൊഡക്ട്സ് | 12 | 100 | 200 | 100 |
| 17 | 274/15-16 | രേഖ രമേഷ് | രോഹിത് മെറ്റൽസ്, കിരലൂർ | 5 | 0 | 50 | 50 |
| 18 | 307/15-16 | ബാബു.എഫ്.നീലങ്കാവിൽ | റോയൽ പ്ലാസ്റ്റിക്സ്, കൊളങ്ങാട്ടുകര. | 63 | 500 | 1000 | 500 |
| 19 | 347/15-16 | കെ.എഫ്.വിത്സൻ | ജീവൻ പ്ലാസ്റ്റിക്സ്, വെളപ്പായ. | 2 | 0 | 50 | 50 |
| 20 | 356/15-16 | സി.കെ.രാഘവൻ | പ്രീമിയർ പ്ലാസ്റ്റിക്സ് | 25 | 200 | 300 | 100 |
| ആകെ വ്യത്യാസം | | | | | | | 4850 |

<u>2-4-2) ഡി & ഓ ലൈസൻസ് ചട്ടം 7 പട്ടിക II പ്രകാരമുള്ള ഒരു ദിവസത്തെ വിറ്റു വരവിന് ആനുപാതികമായ ലൈസൻസ് ഫീസ് ഈടാക്കയതിൽ കുറവ്.</u>

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപന ത്തിന്റെ പേര് | ഒരു ദിവസ ത്തെ വിറ്റ് വരവ് | ഈടാക്കിയ ഫീസ് | ഈടാക്കേ ണ്ടിയിരുന്ന ഫീസ് | വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | 6/15-16 | മാനേജർ | ഇൻഡ്യൻ കോഫി ഹൗസ്, ന്യൂമെഡിക്കൽ കോളേജ്. | 50000 | 900 | 1000 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 23/15-16 | ജെസ്സി രാജൻ | സൺസൈൻ പൈപ്പ്സ്, വെളപ്പായ. | 100000 | 900 | 2000 | 1100 |
| 3 | 24/15-16 | എലൈറ്റ് | എലൈറ്റ് ആഗ്രോ സ്പെഷലിറ്റീസ്, പെരിങ്ങാണ്ടൂർ. | 30000 | 900 | 1000 | 100 |
| 4 | 245/15-16 | എം.എൻ.രാജപ്പൻ | ഇന്ഡ്യൂസ് ട്രാൻസ്ഫോർമേസ് & ഡിവൈസ് (പ്രൈ.) ലിമിറ്റഡ് | 30000 | 900 | 1000 | 100 |
| ആകെ വ്യത്യാസം | | | | | | | 1400 |

മുകളിൽ പറഞ്ഞ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 6250/- ഉത്തരവാദികളിൽ നിന്നും ₹6250/-ഈടാക്കി അറിയിക്കേണ്ടതാണ്.

2-4-3) ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തീയതി, പുതുക്കുവാനുള്ളവ/പുതിയവ, ലൈസൻസ് ഫീ, മെഷിനറി ഫീസ്, ബിലേറ്റഡ് ഫീ എന്നിവയുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.

2-4-4) ഡി&ഓ ലൈസൻസ് അപേക്ഷകളിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സെക്രട്ടറി അംഗീകരിച്ച്/നിരാകരിച്ച് ഒപ്പ് വെക്കുന്നില്ല.

2-4-5) താഴെ പറയുന്ന ഡി&ഓ ലൈസൻസ് അപേക്ഷകരിൽനിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി(ട്രെഡേർസ്/ഇൻസ്റ്റിറ്റ്യൂഷൻ), മെഷിനറി ഫീ എന്നിവ ഈടാക്കിയതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ഇല്ലാത്തതും, ആയതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ലാതത്തുമാണ്.

ഉദാ:- ലൈസൻസ് നം. 80/15-16, ബൈജു.സി.എസ്., ALUPCO. ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി 4.5

2-4-6) ഡി&ഓ ലൈസൻസ് അപേക്ഷകളിൽ ഡി&ഓ ലൈസൻസിന് അപേക്ഷിച്ച സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, ഒരു ദിവസത്തെ വിറ്റ് വരവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയതിന്റെ ആധികാരികത ഉറപ്പുവരുത്താനായിട്ടില്ല.

2-4-7) കേ.പ.രാജ്(സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ) ചട്ടം

അനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ട താഴെ പറയുന്ന സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി&ഓ ലൈസൻസ് ചട്ടം മാത്രം അനുസരിച്ചാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 18/15-16 | ജീവ ലബോറട്ടറി, മെഡിക്കൽ കോളേജ്. |
| 2 | 73/15-16 | എലൈറ്റ് ലബോറട്ടറി, മെഡിക്കൽ കോളേജിന് സമീപം. |
| 3 | 83/15-16 | അക്യുറേറ്റ് ലബോറട്ടറി, മെഡിക്കൽ കോളേജ് റോഡ്. |

2-4-8) ത.സ്വ.ഭ.വകുപ്പിന്റെ 10-01-2013ലെ 66562/RC3/12/LSGD നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം പുതുക്കുവാനുള്ളവ എല്ലാ ഡി&ഓ അപേക്ഷകളും ഹെൽത്ത് ഇൻസ്പെക്ടർ പരിശോധിക്കേണ്ടതും, ആയതു പ്രകാരമുള്ള സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ലാത്തതാണ്.

2-4-9) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡി&ഓ ലൈസൻസ് അനുവദിച്ചിട്ടില്ല.

1) റേഷൻ കടകൾ

2) കള്ള് ഷാപ്പുകൾ

3) കോഴി കടകൾ/കശാപ്പുശാലകൾ

# 2-5 തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ- അപാകതകൾ

1. 2015-16 വർഷത്തിൽ വാണിജ്യാവശ്യത്തിനു നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ, തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205(ബി) , 1996- ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിൽ ചട്ടം13എന്നിവ പ്രകാരം മേൽ കെട്ടിടങ്ങൾക്ക് നോട്ടീസ് നൽകിയിട്ടില്ല. മേൽ നിയമം, ചട്ടം എന്നിവ പ്രകാരം കെട്ടിടങ്ങളുടെ ഉടമസ്ഥരോടോ കൈവശക്കാരോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുന്നതിനുവേണ്ടി നോട്ടീസു മുഖേന ആവശ്യപ്പെടേണ്ടതും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

2) 2015-16 വർഷത്തിൽ ഡി & ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 (ബി) മുതൽ (എഫ്) വരെ, കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിൽ ചട്ടം 10,13 എന്നിവ പ്രകാരം നോട്ടീസ് ഒരു സ്ഥാപനത്തിനും നൽകിയിട്ടില്ല. നോട്ടീസ് നൽകി നികുതിക്കു വിധേയരായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സ്ഥപനങ്ങളുടെ പേരുവിവരം ഇൻഡക്സായി ചേർക്കുന്നില്ല. അതുകൊണ്ടുതന്നെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുണ്ടോയെന്ന് പരിശോധിക്കുക എളുപ്പമല്ല. പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

## 2-6 വസ്തു നികുതി ഈടാക്കിയതിലെ അപാകതകൾ

**2-6-1) താഴെ പറയുന്ന കെട്ടിട നമ്പറിലുള്ള ഹോസ്റ്റലുകൾക്ക് ആനുപാതികമായ വസ്തു നികുതി ഈടാക്കിയിട്ടില്ല.**

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | കെട്ടിട ത്തിന്റെ തറ വിസ്തീർണം (ചതുരശ്ര മീറ്ററിൽ) | ഈടാക്കിയ നികുതി | | | ഈടാക്കേണ്ടിയിരുന്ന നികുതി | | | വ്യത്യാസം | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | വസ്തു നികുതി | ലൈബ്രറി സെസ് | സർവ്വീസ് ചാർജ് | വസ്തു നികുതി | ലൈബ്രറി സെസ് (5%) | സർവ്വീസ് ചാർജ് (16.66%) | വസ്തു നികുതി | ലൈബ്രറി സെസ് | സർവ്വീസ് ചാർജ് |
| 1 | 3/310 -IV | ഗോപാലൻ, s/o പല്ലിക്കാട്ടിൽ കറപ്പൻ | 21.16 | 572 | 29 | 96 | 21.16 x40 =846 | 42 | 141 | 274 | 13 | 45 |
| 2 | 3/310 -V | ഗോപാലൻ, s/o പല്ലിക്കാട്ടിൽ കറപ്പൻ | 21.16 | 572 | 29 | 96 | 21.16 x40 =846 | 42 | 141 | 274 | 13 | 45 |
| 3 | 3/310 -VI | ഗോപാലൻ, s/o പല്ലിക്കാട്ടിൽ കറപ്പൻ | 21.16 | 572 | 29 | 96 | 21.16 x40 =846 | 42 | 141 | 274 | 13 | 45 |
| 4 | 4/ 421 | ടി.സേതു മാധവൻ, തേറമ്പിൽ വീട് | 471.47 | 8838 | 442 | 1473 | 471.47 x40 =18859 | 943 | 3142 | 10021 | 501 | 1669 |
| ആകെ വ്യത്യാസം | | | | | | | | | | 10843 | 540 | 1804 |

മേൽ പറഞ്ഞതിൽ നിന്നും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ₹13,187/-ഈടാക്കി അറിയിക്കേണ്ടതാണ്.

2-6-2) രസീത് പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങൾ ഒരേ ഉടമസ്ഥന്റെ പേരിലാണെന്ന് കാണുന്നു. എന്നാൽ ഈ നാല് കെട്ടിടങ്ങൾക്കും താമസാവശ്യത്തിനുള്ള നിരക്കിലാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. ഒരേയാളുടെ ഉടമസ്ഥതയിലുള്ള സ്വന്തം താമസത്തിനുള്ള ഒരു കെട്ടിടത്തിന് സത്യവാങ്ങ്മൂലം സമർപ്പിച്ചാൽ മാത്രം നികുതി ഇളവ് അനുവദിക്കേണ്ടതും, ബാക്കിയുള്ളവയ്ക്ക് കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് നികുതി നിർണയിക്കേണ്ടതുമാണ്.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ തറ വിസ്തീർണം (ച.മീറ്ററിൽ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 5/381 | വിൻസെന്റ്, വെള്ളൂക്കാരൻ വീട് | 7.13 |
| 2 | 5/382 | വിൻസെന്റ്, വെള്ളൂക്കാരൻ വീട് | 7.68 |
| 3 | 5/383 | വിൻസെന്റ്, വെള്ളൂക്കാരൻ വീട് | 7.68 |
| 4 | 5/384 | വിൻസെന്റ്, വെള്ളൂക്കാരൻ വീട് | 7.68 |

ഇത്തരം കൂടുതൽ കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് വസ്തു നികുതി പുനർനിർണയിക്കേണ്ടതാണ്.

2-6-3) പഞ്ചായത്ത് പരിധിയിൽ വരുന്ന മൊബൈൽ/ടെലഫോൺ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതായോ ആയതിനുള്ള നടപടികൾ സ്വീകരിച്ചതായോ സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും പരിശോധനയിൽ കണ്ടെത്താനായില്ല. ആയതുമൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ കുറവ് പരിഹരിക്കേണ്ടതാണ്.

# 2-7 കെട്ടിട നിർമ്മാണ പെർമിറ്റ് അപാകതകൾ

2-7-1) കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം

2011ലെ കേരളാ പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 14പ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസങ്ങൾക്കുള്ളിൽ തീരുമാനമെടുത്ത് ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ കെട്ടിടനിർമ്മാണ രജിസ്റ്ററിൽ എല്ലാ അപേക്ഷകളിലും എപ്രകാരമുള്ള വാസസ്ഥലം , വാണിജ്യാവശ്യം, നിലം, ഫ്ലോർ ഏരിയ റേഷ്യാ, ഈടാക്കിയ അപേക്ഷാ ഫീ, പെർമിറ്റ് ഫീ, രസീത് നമ്പറും തീയതിയും എന്നിവയും പെർമിറ്റ് നിരസിച്ചതിന്റെ വിവരം കെട്ടിടനമ്പർ നൽകിയത് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ മുഴുവൻ വിവരങ്ങളും ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2-7-2) ബിൽഡിങ് റെഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബിൽഡിങ് റെഗുലറൈസേഷൻ അപേക്ഷകൾ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ ഭാഗികമായാണ് ചേർത്തിട്ടുള്ളത്. അപേക്ഷയുടെ തീയതി, കെട്ടിടത്തിന്റെ തരം, നിലം, ഫ്ലോർ ഏരിയ റേഷ്യാ, ഈടാക്കിയ അപേക്ഷാ ഫീ, പെർമിറ്റ് ഫീ, രസീത് നമ്പറും തീയതിയും എന്നിവയും അപേക്ഷ നിരസിച്ചതിന്റെ വിവരം, കെട്ടിടനമ്പർ നൽകിയത് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്.

2-7-3) റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

റെഗുലറൈസ് ചെയ്ത് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള താഴെ പറയുന്ന കെട്ടിടത്തിന്റ ( പാർപ്പിടാവശ്യത്തിനുള്ള) ഉടമസ്ഥനിൽ നിന്നും റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണം (ച.മീറ്ററിൽ) | ഈടാക്കേണ്ട റെഗുലറൈസേഷൻ ഫീസ് | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 11/61-A | ജയദാസ്.കെ, പാണെങ്ങാട് കൊളമ്പത്ത് വീട്, വരടിയം | 390 | 390X6=2340 | പെർമിറ്റ് ഫീസിന്റെ രണ്ടിരട്ടി. |

മേൽ പറഞ്ഞതിൽ നിന്നും പഞ്ചായത്ത് ഫണ്ടിനുണ്ടായ ₹2,340/നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി ചെലവ് വിശദാംശങ്ങൾ

2015-16 വർഷം പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ട് ഇനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 89,64,537 | 82,49,789 | 92 |
| 2 | പ്ലാൻ ഫണ്ട് -SCP | 64,90,063 | 55,06,033 | 85 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 43,16,488 | 41,74,515 | 97 |
| 4 | ലോകബാങ്ക് ധനസഹായം | 21,96,167 | 14,71,159 | 67 |
| 5 | പ്ലാൻ ഫണ്ട് -TSP | 57,000 | 57,000 | 100 |
| 6 | കേന്ദ്രധനസഹായം | - | - | - |

| | | | | |
|---|---|---|---|---|
| 7 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 34,83,227 | 19,52,015 | 56 |
| 8 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1,18,30,196 | 1,08,77,532 | 92 |
| 9 | തനത് ഫണ്ട് | 34,93,612 | 15,32,342 | 44 |
| 10 | ബ്ളോക്ക് വിഹിതം | 1,62,500 | 1,58,350 | 97 |
| 11 | ജില്ലാപഞ്ചായത്ത് വിഹിതം | 1,62,500 | 1,58,350 | 97 |

ലഭ്യമായ ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കാൻ കഴിയാത്തത് സ്ഥാപനത്തിന്റെ വീഴ്ചയാണ്. ക്രമ നം. 1 മുതൽ 5 വരെയുള്ളവയുടെയും 7, 8എന്നിവയുടെയും കാര്യത്തിൽ 2015-16 വർഷത്തിൽ ചെലവഴിച്ചതിനു ശേഷമുള്ള നീക്കിയിരിപ്പ് സാങ്കേതികമായി ലാപ്സ് ആയിട്ടുണ്ട്. ലഭ്യമായ ഫണ്ട് സമയബന്ധിതമായി വിനിയോഗിച്ച് പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഫണ്ട് പൂർണ്ണമായി ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം പഞ്ചായത്ത് ഗൗരവമായി കണക്കിലെടുക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ, നടപ്പാക്കിയ പ്രൊജക്റ്റുകൾ, വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഇവയുടെ ശതമാനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അംഗീകാരം ലഭിച്ചത്/വകയിരുത്തിയത് | നടപ്പാക്കിയത്/ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| പ്രോജക്ട് | 104 | 90 | 86.5 |
| തുക | 2,40,10,816 | 1,80,20,391 | 75 |
| തനത്ഫണ്ട് തുക | 9,10,111 | 1,00,000 | 11 |

അംഗീകാരം കിട്ടിയ പ്രൊജക്റ്റുകളിൽ 86.5% പ്രൊജക്റ്റുകൾ നടപ്പാക്കാനും വകയിരുത്തിയ തുകയുടെ 75% തുക ചെലവഴിക്കാനും മാത്രമേ സാധിച്ചിട്ടുള്ളൂ. തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ തുകയിൽ 11% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കൂടുതൽ പ്രൊജക്റ്റുകൾ തയ്യാറാക്കുമ്പോൾ പ്രൊജക്റ്റുകളുടെ ബാഹുല്യം കാരണം ഗുണമേന്മ ഉറപ്പു വരുത്തുവാൻ പലപ്പോഴും സാധിക്കുകയുമില്ല. ഭൂരിഭാഗം പ്രൊജക്റ്റുകളും

നിർവ്വഹിക്കാൻ കഴിയാതെവരികയും ചെയ്യുന്നു. പ്രൊജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതുമൂലം ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കപ്പെടുകയും തൻവർഷം ചെലവഴിക്കേണ്ട വൻ തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും കാരണമാകുന്നു. അതിനാൽ പ്രോജക്ടുകളുടെ എണ്ണം കുറച്ച് ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - അടങ്കൽ തുക കുറച്ച് കൂടുതൽ പ്രവൃത്തികൾ ചെയ്യുന്ന രീതി ഉപേക്ഷിക്കേണ്ടതാണ്

ആകെ 15 വാർഡുകളുള്ള അവണൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ശാസ്ത്രീയമായ വിലയിരുത്തലുകളുടെയും കാഴ്ചപ്പാടിന്റെയും അടിസ്ഥാനത്തിലല്ല നടപ്പാക്കപ്പെടുന്നത്. മുഴുവൻ വാർഡുകളിലും പദ്ധതികൾ നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെ വകയിരുത്തുന്ന തുക വിഭജിച്ച് ചെറിയ അടങ്കലുകൾ പദ്ധതികളാക്കി നടപ്പിലാക്കുന്നു. ഈ അശാസ്ത്രീയ സമീപനം മൂലം ഒരു പ്രവൃത്തി, അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കപ്പെടുന്നില്ല. വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

| | 2014-15 | 2015-16 |
|---|---|---|
| ആകെ പ്രവൃത്തികളുടെ എണ്ണം | 120 | 104 |
| നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം | 93 | 90 |
| ആകെ അടങ്കൽ | 2,64,58,659 | 2,40,10,816 |
| ചെലവഴിച്ച തുക | 1,60,91,453 | 1,80,20,391 |
| ഒരു പ്രവൃത്തിക്കായി ശരാശരി വിനിയോഗിച്ച തുക | 1,73,026 | 2,00,226 |

അടങ്കൽ തുക കുറച്ച് കൂടുതൽ പ്രവൃത്തികൾ ചെയ്യുന്ന രീതി ഉപേക്ഷിച്ച് വികസന പ്രവർത്തനങ്ങൾക്കായി ഒരു മുൻഗണനാ ക്രമം നിശ്ചയിച്ച് നാടിന്റെ സമഗ്ര പുരോഗതിക്കായുള്ള പദ്ധതികൾ നടപ്പിലാക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. കൂടാതെ ഒരു സാമ്പത്തിക വർഷം വിഭാവനം ചെയ്യുന്ന പദ്ധതികൾ നടപ്പിലാവാതെ പോകുന്ന സ്ഥിതി വിശേഷവും ഒഴിവാക്കേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പരിഗണിക്കണം

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ പകുതിയിൽ കൂടുതലും പൊതുമരാമത്ത് പ്രവർത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു. തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 104 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. ഒരു അസി.എഞ്ചിനീയർ, രണ്ട് ഓവർസിയർ ഉൾപ്പെടുന്ന എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവർത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

<u>എ) എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ പ്രാദേശിക ഭാഷയിൽ തയ്യാറാക്കിയിട്ടില്ല.</u>

സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13 (xiv) പ്രകാരം പ്രൊജക്റ്റിനോടൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ട്, വിശദമായ എസ്റ്റിമേറ്റ്, അബ്സ്ട്രാക്റ്റ് എസ്റ്റിമേറ്റ്, ലൊക്കേഷൻ മാപ്പ്, സൈറ്റ് പ്ലാൻ, ഡ്രോയിംഗ്സ്, ആവശ്യമായ സംഗതികളിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2015-16 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ നിർദ്ദേശിക്കപ്പെട്ട രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ പ്രാദേശിക ഭാഷയിൽ തയ്യാറാക്കിയിട്ടില്ല. സുഗമ സോഫ്റ്റ് വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. പ്രൈസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ആരംഭിച്ചിട്ടില്ല.

<u>ബി) ഇ-ടെൻഡർ കൂടുതൽ പ്രവർത്തികളിൽ നടപ്പിലാക്കുന്നില്ല.</u>

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവർത്തികൾ ഇ -ടെൻഡർ മുഖേന നടപ്പിലാക്കുകയെന്ന സർക്കാർ നയം സ.ഉ (സാധാ) നമ്പർ 53/2015/തസ്വഭവ, തീയതി 07.01.2015 ലൂടെ വ്യക്തമാക്കിയതാണെങ്കിലും പരിമിതമായ എണ്ണം മാത്രമാണ് ഇ -ടെൻഡർ മുഖേന നിർവ്വഹിച്ചതെന്ന് കാണുന്നു. 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ 5 ലക്ഷവും അതിന് മുകളിലുമുള്ള 5പ്രവർത്തി മാത്രമാണ് ഇ ടെണ്ടർ മുഖേന നടപ്പാക്കിയത്. ഹൈക്കോടതി വിധിയെ തുടർന്ന് പുറപ്പെടുവിച്ച സ.ഉ (സാധ) നമ്പർ 1288/2015/ തസ്വഭവ തീയതി 30.04.2015 ൽ നിഷ്കർഷിച്ച പ്രകാരം 2015-16 മുതൽ 5 ലക്ഷവും അതിന് മുകളിലുള്ളതുമായ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാക്കാൻ നിർദ്ദേശിച്ചതാണ്. ഇതിനെ തുടർന്ന് എൽ.എസ്. ജി.ഡി. ചീഫ് എഞ്ചിനീയർ 06.05.2015 ന് പുറപ്പെടുവിച്ച DB3/753/12/CE നമ്പർ സർക്കുലറിലും നിർദ്ദേശം പുറപ്പെടുവിച്ചതാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

<u>സി)ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടില്ല</u>

പ്രവൃത്തി നടത്തുന്ന കോൺട്രാക്ടറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ എന്നിവ പ്രോജക്റ്റ് സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഡിസ്പ്ലേ ബോർഡിനു വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുവാൻ അനുമതിയുണ്ടെങ്കിലും 2015-16 വർഷത്തിൽ പൂർത്തീകരിച്ച 90 പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലും ഈ ആവശ്യത്തിനായി തുക വകയിരുത്തിയിട്ടില്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഡി) മോണിറ്ററിങ്ങ് നടത്തുന്നില്ല</u>

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ/തിയതി 16.11.13ലെ ഖണ്ഡിക 19 പ്രകാരം പ്രൊജക്ട് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2015-16 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ എല്ലാ പ്രൊജക്ടുകളുടെയും നിർവ്വഹണത്തിൽ നടന്നിട്ടില്ല. പലപ്പോഴും മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ലാതെയാണ് ബിൽ തുക നല്കിയിരിക്കുന്നത്. ഉള്ളതിൽ തന്നെ മോണിട്ടറിംഗ് റിപ്പോർട്ട് എന്ന ഒരു പ്രിന്റഡ് ഫോമിൽ ആവശ്യമായ രേഖകൾ ഉൾപ്പെടുത്തുകയോ വെട്ടികളയുകയോ ചെയ്യാതെ ഒപ്പ് വെച്ചിരിക്കുന്നതായി കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മോണിട്ടറിങ്ങ് നടത്തുന്നതിന് വേണ്ട നടപടികൾ തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ പരിഗണിക്കേണ്ടതാണ്.

## 3-5 റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും പ്രധാന ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നമ്പർ സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കായില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 നംപർ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ഇ-ടെണ്ടർ നടപടികളിലെ അപാകതകൾ

2015-16 വർഷം 5 പൊതുമരാമത്ത് പ്രവർത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയുണ്ടായി. ഇതിൽ എല്ലാ പ്രവർത്തികൾക്കും 4 മുതൽ 5 വരെ ടെണ്ടറുകൾ ലഭിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് അസി.എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച ടാബുലേഷൻ 4.9.2015 ലെ 1(2) ഭരണസമിതി തീരുമാനത്തിൽ അംഗീകരിച്ചതായും കാണാം. ഇത് പ്രകാരം കാരോർ അയ്യപ്പൻകാവ് റോഡ് റീടാറിംഗ് എന്ന പ്രവർത്തിയ്ക്ക് ലഭിച്ച ടെണ്ടറുകൾ പരിശോധിച്ചതിൽ 23.3% കുറവ് നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ നിരസിച്ചതായും തുടർന്ന് second lowest നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ

(18.69%) അംഗീകരിച്ചതായും കാണുന്നു.

എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.3/24.11.16) മറുപടിയായി ഒറിജിനൽ പ്രമാണങ്ങൾ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ് എന്ന് ടെണ്ടർ പരസ്യത്തിൽ വ്യക്തമാക്കിയിട്ടുണ്ട് എന്നതിനാലും പ്രാഥമിക കരാർ ഉടമ്പടിയുടെ രേഖ സ്കാൻ ചെയ്ത് സമർപ്പിച്ചത് പ്രിന്റ് എടുക്കുന്നത് സ്വീകാര്യമാകുന്നതല്ലാ എന്നും മുദ്രപത്രത്തിൽ നേരിട്ട് സമർപ്പിക്കുകയാണെങ്കിൽ മാത്രമേ നിയമപരമായി പ്രാഥമിക കരാർ ഉടമ്പടി നിലവിൽ വരികയുള്ളൂ എന്നും പറയുന്നു. ഇപ്രകാരം നേരിട്ട് രേഖകൾ സമർപ്പിക്കാത്തതിനാലാണ് ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ നിരസിച്ചതും തുടർന്ന് second lowest നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചതെന്നും പറയുന്നു.

മേൽപ്പറഞ്ഞ മറുപടി സ്വീകാര്യമല്ല എന്നതിനാലും എന്തു കാരണത്താൽ ആണ് ടെണ്ടർ നിരസിച്ചത് എന്ന് ഭരണസമിതി മുമ്പാകെ സമർപ്പിച്ച ടാബുലേഷനിൽ വ്യക്ത മാക്കിയിട്ടില്ലാത്തതിനാലും 27,339/- രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. (അടങ്കൽ തുക 600000, 23.3% കുറവ് രേഖപ്പെടുത്തിയ പ്രകാരം നിരക്ക് - 454862.5, 18.69% കുറവ് രേഖപ്പെടുത്തിയ പ്രകാരം നിരക്ക് 482201.69, വ്യത്യാസം 27,339) ഇക്കാര്യത്തിൽ വിശദമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-7 അഞ്ച് ലക്ഷത്തിന് മുകളിലുള്ള മരാമത്ത് പ്രവർത്തികൾ ഇ-ടെണ്ടർ ചെയ്തത് വഴി പഞ്ചായത്തിന് 6,36,851/- രൂപ ലാഭം

2015-16 വർഷം അഞ്ച് ലക്ഷത്തിനുമുകളിൽ എസ്റ്റിമേറ്റുള്ള 5 പൊതുമരാമത്ത് പ്രവർത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ച് നടപ്പാക്കുകയുണ്ടായി. ഇപ്രകാരം ഇ-ടെണ്ടർ വഴി കുറഞ്ഞനിരക്കിൽ നടപ്പാക്കാനായത് മൂലം പഞ്ചായത്തിന് 6,36,851/-രൂപ ലാഭമുണ്ടായതായി കാണുന്നു. ആയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ടെണ്ടർ നിരക്ക് | ലാഭം |
|---|---|---|---|---|
| 1 | ചെറുവത്തൂർ ലൈൻ കോൺക്രീറ്റിംഗ് (100/16) | 5,00,000 | 18.91%കുറവ് | 94,550 |
| 2 | കാരോർ അയ്യപ്പൻകാവ് റോഡ് റീടാറിംഗ് (92/16) | 6,00,000 | 18.69%കുറവ് | 1,17,798 |
| 3 | പനകുളം പരിസരം റോഡ് മെറ്റലിംഗ് ടാറിംഗ് (38/16) | 8,40,000 | 22.91%കുറവ് | 1,93,615 |
| 4 | പരപ്പാറ മിച്ചഭൂമി കോളനി റോഡ് റീടാറിംഗ് (/16) | 5,00,000 | 22%കുറവ് | 1,10,324 |

| | | | | |
|---|---|---|---|---|
| 5 | കുരിയാൽ പാലം റോഡ് മെറ്റലിംഗ് ടാറിംഗ് (39/16) | 5,41,000 | 22% കുറവ് | 1,20,564 |
| | ആകെത്തുക | | | 6,36,851 |

എന്നാൽ അഞ്ച് ലക്ഷത്തിന് താഴെയുള്ള പ്രവർത്തികളിൽ കരാറുകാർ തമ്മിലുള്ള മത്സരം നടക്കാത്തതിനാൽ എസ്റ്റിമേറ്റ് നിരക്കിലാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്. ആയതിനാൽ ഭാവിയിൽ പരമാവധി പ്രവർത്തികൾ ഇ-ടെണ്ടർ നടത്തുന്നതിനും, ഒരു പ്രവർത്തി തന്നെ വെവ്വേറെ റീച്ചുകളായി അടങ്കൽ തുക കുറച്ച് ചെറിയ പ്രവർത്തികളായി ചെയ്യുന്നത് ഒഴിവാക്കി മുഴുവനായി ചെയ്യാൻ ശ്രദ്ധിക്കേണ്ടതുമാണ്. ചെറിയ പ്രവൃത്തികളായി വിഭജിക്കുന്നത് മൂലം പ്രവർത്തികളുടെ എണ്ണം വർദ്ധിക്കുകയും നിർവ്വഹണത്തിൽ ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നു. ആയതിനാൽ കൂടുതൽ തുക വകയിരുത്തിക്കൊണ്ട് പരമാവധി പ്രവർത്തികൾ ഇ-ടെണ്ടർ ചെയ്യുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യത്തിന് ഉത്തമമായിരിക്കും.

## 3-8 സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനിൽ ഡെപ്പോസിറ്റ് - പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ -അസി.എഞ്ചിനീയർ

2015-16 വർഷം താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കുന്നതിനായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തതായി കാണുന്നു. എന്നാൽ നാളിതുവരെ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല. തുകയുടെ കൈപ്പറ്റ് രസീതിയും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നം, തുക |
|---|---|---|---|---|
| 1 | വലിയകുളങ്ങര കുടിവെള്ളപദ്ധതി (132/16) | 250000 | 50000 | 1,2/15-16, 15.10.15, |
| 2 | കോളങ്ങാട്ടുകര പുതുക്കളം കുടിവെള്ളപദ്ധതി (133/16) | 374000 | 68600 | 64/15-16, 20.2.16 |
| 3 | പെരിഞ്ചിറ കുടിവെള്ളപദ്ധതി (134/16) | 400000 | 80000 | 65/15-16, 20.2.16 |
| | ആകെത്തുക | | 1,98,600 | |

പ്രൊജക്ടുകൾ സമയക്രമമനുസരിച്ച് പൂർത്തിയാക്കാതെ നീണ്ടു പോകുന്നത് ധനവിനിയോഗത്തിന്റെ ഫലപ്രാപ്തി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് കാലതാമസമുണ്ടാകും. ആയതിനാൽ പ്രൊജക്ടുകൾ

പൂർത്തിയാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 3-9 എടക്കുളം കുടിവെള്ള പദ്ധതി - രേഖകൾ പ്രകാരം പൂർത്തീകരിക്കാത്ത പ്രവർത്തി

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പ്രോജക്ട് നം - 116/16

അടങ്കൽ – 102600

കരാർ – 70/13-14, 20.8.14

കരാറുകാരൻ - സുരേഷ്.എൻ

2013-14 വർഷം 400000/- രൂപ അടങ്കലായി ആരംഭിച്ച മേൽ പ്രവർത്തി 2014-15 ലും 2015-16 ലും അംഗീകാരം വാങ്ങി നടപ്പാക്കാൻ ഉദ്ദേശിച്ചെങ്കിലും രേഖകൾ പ്രകാരം നടപ്പാക്കി കാണുന്നില്ല. ഫയൽ പരിശോധനയിൽ കരാർ വെച്ചതായും കിണർ കുഴിച്ച് വെള്ളം ലഭിച്ചതായും പമ്പ് സെറ്റ് വാങ്ങാൻ ക്വട്ടേഷൻ ക്ഷണിച്ചതായും കാണുന്നുണ്ട്. എന്നാൽ തുടർ നടപടികൾ ഒന്നും തന്നെ എടുത്തതായി ഫയലിൽ ഇല്ല. 2016-17ൽ പ്രോജക്ട് വെച്ചതായും കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറിനം.13/25.11.16) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയതായും കുടിവെള്ളം ലഭ്യമാണെന്നും എന്നാൽ തുക ചെലവഴിച്ചിട്ടില്ല എന്നും 2016-17ൽ സ്പിൽഓവറായി പ്രോജക്ട് വെച്ച് ഡി.പി.സി അംഗീകാരം കിട്ടിയെങ്കിലും പദ്ധതി നിർത്തിവെക്കാൻ തൃശ്ശൂർ വിജിലൻസ് ആവശ്യപ്പെട്ടതിനാൽ തുടർ നടപടികൾ ഉണ്ടായില്ല എന്നും പറയുന്നു.

മേൽ പ്രവർത്തി നിർത്തിവെച്ചതിനും രേഖകൾ പ്രകാരം പൂർത്തീകരിക്കാത്തതിനുള്ള കാരണവും വ്യക്തമാക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-10 ഉദ്ഘാടനം കഴിഞ്ഞ കുടിവെള്ള പ്രോജക്ടുകൾ - ഫൈനൽ ബിൽ, പൂർത്തീകരണ രേഖകൾ തുടങ്ങിയവ ലഭ്യമായിട്ടില്ല

വൗച്ചർ നം. 21500235/24.6.15, 9000/-

വൗച്ചർ നം. 21500512/16.9.15, 6600/-

മേൽപ്പറഞ്ഞ വൗച്ചർ പ്രകാരം കവിനഗർ കുടിവെള്ളപദ്ധതി, കോളങ്ങാട്ടുകര കുടിവെള്ളപദ്ധതി എന്നിവയുടെ ഉദ്ഘാടനം കഴിഞ്ഞതായി കാണുന്നു. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 2013-14 വർഷം നടപ്പാക്കിയ കവിനഗർ കുടിവെള്ളപദ്ധതി പ്രോജക്ടിനായി തൃശ്ശൂർ വാട്ടർ അതോറിറ്റിയിൽ 17,67,000/- രൂപ ഡെപ്പോസിറ്റ് ചെയ്തതായും 1/4.11.13 ആയി കരാറിൽ ഏർപ്പെട്ടതായും കാണുന്നു. പ്രവർത്തി പൂർത്തിയായി ഒരാഴ്ചക്കുള്ളിൽ ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തികരണ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതാണ് എന്ന് കരാറിൽ

വ്യവസ്ഥ ഉണ്ട്. എന്നാൽ 24-6-15ൽ ഉദ്ഘാടനം കഴിഞ്ഞ കുടിവെള്ള പ്രോജക്റ്റിന്റെ മേൽപ്പറഞ്ഞ രേഖകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

2012-13 വർഷം ആരംഭിച്ച കോളങ്ങാട്ടുകര കുടിവെള്ളപദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 2012-13 ൽ 14,00,000/- തൃശ്ശൂർ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തതായും 20/13, 30.3.13 ആയി കരാറിൽ ഏർപ്പെട്ടതായും കാണുന്നു. വാട്ടർ അതോറിറ്റിയുടെ 06.05.15 ലെ എ1/1829/13 നമ്പർ കത്ത് പ്രകാരം പ്രവർത്തി പൂർത്തീകരിച്ചതായും 11,48,780/- രൂപ ചെലവായതായും പറയുന്നു. ബാക്കി തുക തിരികെ ലഭ്യമായിട്ടില്ല, മാത്രമല്ല 22.6.2015 ലെ 15(14)നംപർ ഭരണസമിതി തീരുമാനപ്രകാരം ബാക്കി തുക ഉപയോഗിച്ച് നിലവിലെ ടാങ്ക് ഉയർത്തി സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തതായും കാണുന്നുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടതായോ എസ്റ്റിമേറ്റ് തയ്യാറാക്കിയതായോ എഞ്ചിനീയറുടെ റിപ്പോർട്ടോ കാണുന്നില്ല.

കരാർ പ്രകാരം ഏൽപ്പിച്ച പ്രവർത്തിയുടെ പൂർത്തീകരണരേഖകൾ ലഭ്യമാക്കുന്നതിന് പകരം ഇപ്രകാരം തീരുമാനം എടുത്തതിന്റെ സാങ്കേതികത്വം വ്യക്തമല്ല. എന്നിരുന്നാലും ഉദ്ഘാടനം കഴിഞ്ഞ കുടിവെള്ള പ്രോജക്റ്റുകളുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ടാറിംഗ്, റീടാറിംഗ് പ്രവർത്തികൾ - എസ്റ്റിമേറ്റിൽ സുതാര്യത ഇല്ല

2015-16 വർഷം നടപ്പാക്കിയ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2014 ലെ DAR with cost index നിരക്ക് അടിസ്ഥാനമാക്കിയാണ്. ടാറിംഗ്, റീടാറിംഗ് പ്രവർത്തികളുടെ എസ്റ്റിമേറ്റ് പരിശോധിക്കുമ്പോൾ DAR നിരക്കും കൂടെ Observed data പ്രകാരമുള്ള നിരക്കും ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു.

ടാറിംഗ്, റീടാറിംഗ് പ്രവർത്തികളുടെ ആദ്യത്തെ 3 ഇനങ്ങൾ സ്റ്റാക്കിങ്ങ്, പോട്ട് ഹോൾ ഫില്ലിംഗ്, ലെവലിംഗ് കോഴ്സ് എന്നീ പ്രവർത്തികൾ DAR പ്രകാരമുള്ള സ്പെസിഫിക്കേഷൻ അല്ല. DAR പ്രകാരം മേല്പ്പറഞ്ഞ ഇനങ്ങൾ ആവശ്യമില്ലാത്തതാണ്. എന്നാൽ Observed data പ്രകാരമുള്ള നിരക്ക് ഉപയോഗിച്ച് ഈ ഇനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഉദാ. പരപ്പാറ മിച്ചഭൂമി കോളനി റോഡ് റീടാറിംഗ്. ടാറിംഗിൽ tack coat using, premix carpet, seal coat എന്നീ 3 ഇനങ്ങൾ ചെയ്യുന്നതിനു മാത്രമാണ് വ്യവസ്ഥയുള്ളത് എന്നിരിക്കെ ആവശ്യമില്ലാത്ത പ്രവർത്തികൾ കൂടി ചേർത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ( ഓഡിറ്റ് എൻക്വയറി നം. 16/26.11.15)

## 3-12 മീറ്റർ സ്ഥാപിക്കൽ - പ്രോജക്റ്റ് പൂർത്തീകരിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം

തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി മുണ്ടൂർ, വിയ്യൂർ,പെരിങ്ങണ്ടൂർ എന്നീ കെ.എസ്.ഇ.ബി അസി.എഞ്ചിനീയറുടെ ഓഫീസിൽ യഥാക്രമം 251755, 164300, 38150 എന്നിങ്ങനെ ആകെ തുക 4,54,205രൂപ 2013, 2014, 2015 കാലയളവുകളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ല. അതിനാൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്

ഇനത്തിൽ പഞ്ചായത്തിന് വൻതുക നഷ്ടം വരുന്നുണ്ട്. ഓരോ മാസവും 2 ലക്ഷത്തിനടുത്ത് തുക കെ.എസ്.ഇ.ബിക്ക് അടച്ചുവരുന്നു. മീറ്റർ സ്ഥാപിക്കൽ പ്രോജക്ട് എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയത് - കൈപ്പറ്റ് രശീതി ലഭ്യമായില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും കെട്ടിടതൊഴിലാളി ക്ഷേമനിധി വിഹിതം 1,75,315/- രൂപ ഈടാക്കിയിട്ടുണ്ട്. ഓരോ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കുന്ന തുക പ്രത്യേകം ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. തൻവർഷം ഈടാക്കിയ മുഴുവൻ ഡിമാന്റ് ഡ്രാഫ്റ്റുകളും ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുത്തതായി കാണുന്നുവെങ്കിലും തുക കൈപ്പറ്റിയതിന് ക്ഷേമനിധി ബോർഡിന്റെ രശീതി ലഭ്യമായിട്ടില്ല.

ഈ സാഹചര്യത്തിൽ ക്ഷേമനിധിബോർഡിൽ നിന്നും കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 കുറഞ്ഞ അടങ്കലുള്ള പൊതുമരാമത്ത് പ്രവർത്തികളുടെ എണ്ണം കൂടുതൽ.

ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം തയ്യാറാക്കിയ 104 പ്രോജക്ടുകളിൽ 49 എണ്ണവും രണ്ട് ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ളവയാണ്. ഇവയിൽതന്നെ 20 എണ്ണം ഒരു ലക്ഷം രൂപയോ അതിൽ കുറവോ അടങ്കലുള്ളവയാണ്. റോഡ് പ്രവർത്തികളിൽ വളരെ കുറഞ്ഞ മീറ്റർ മാത്രമാണ് ഈ അടങ്കൽ ഉപയോഗിച്ച് നിർവഹിക്കാനാവുന്നത്. ഗ്രാമ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി പരിഗണിച്ച് വേണം പദ്ധതി തയ്യാറാക്കാൻ എന്ന നിർദേശം പാലിക്കാതെയാണ് മേൽപ്പറഞ്ഞ രീതിയിൽ പ്രോജക്ടുകൾക്ക് അംഗീകാരം നേടുന്നത്. ഇപ്രകാരം ഭാഗികമായി പ്രവർത്തി നടത്തുന്നത് ഭാഗികമായി ലക്ഷ്യം കാണുന്നതിന് മാത്രമേ ഉപകരിക്കൂ എന്ന് ഓർമ്മിപ്പിക്കുന്നു.

പ്രോജക്ടുകളുടെ എണ്ണം കൂടുതലായത് മിക്ക പ്രോജക്ടുകളും ഫലപ്രദമായ രീതിയിൽ നിർവഹിക്കാനാവുന്നില്ല എന്ന് വ്യക്തമാക്കുന്നു. നടപടിക്രമങ്ങൾ പൂർത്തികരിച്ച് പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടും ഓഡിറ്റ് വർഷം 14 പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കാണുന്നു.

പദ്ധതി പ്രവർത്തനത്തിന്റെ മൊത്തം അടങ്കൽ തുക 5.93കോടി രൂപ യാണെങ്കിൽ 2.40 കോടി രൂപ അടങ്കലുള്ള പ്രവർത്തികളാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിക്കുന്നത്. ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ട് ഓവർസിയർ ഉൾപ്പെടുന്ന LSGD എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങിനിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്. ഇപ്രകാരം പ്രോജക്ടുകളുടെ എണ്ണം കൂട്ടി ഭാഗികമായി പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ താൽപ്പര്യപ്പെടുന്നു.

## 3-15 വാർഷിക പദ്ധതി രൂപീകരണത്തിൽ വർക്കിംഗ്

## ഗ്രൂപ്പുകളുടെ പ്രവർത്തനം -വ്യവസ്ഥാപിത നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്

വാർഷിക പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിലും ഗ്രാമസഭകൾ, വികസന സെമിനാർ തുടങ്ങിയ വ്യവസ്ഥാപിത സംവിധാനങ്ങളിൽ ജനപങ്കാളിത്തമുണ്ടാക്കി പ്രോജക്ട് നിർദ്ദേശങ്ങളിൽ ഗൗരവതരമായ പരിശോധന ഉറപ്പുവരുത്തുന്നതിലും പരിശ്രമമുണ്ടാകുന്നില്ലായെന്ന് കാണുന്നു.

മുൻവർഷങ്ങളിൽ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ, സ്ഥിതിവിവര കണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്രഫോർമയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും പ്രോജക്ട് രൂപീകരണത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് ഉപദേശങ്ങൾ നൽകുന്നതിലും സാമ്പത്തിക - സാങ്കേതിക ക്ഷമതയുള്ളതും നിയമാനുസൃതവുമായ പ്രോജക്ടുകൾ നിശ്ചിത പ്രഫോർമയിൽ തയ്യാറാക്കുന്നതിലും അംഗീകരിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾക്ക് കാര്യമായ ചുമതലകൾ നിറവേറ്റാനുണ്ട്. ബന്ധപ്പെട്ട മിനിട്സ് പുസ്തകങ്ങൾ പരിശോധിച്ചതിൽ വർഷത്തിൽ ഒരു തവണ മാത്രമാണ് വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേർന്നിട്ടുള്ളതെന്നും ഇതിൽതന്നെ ഏതാനും ഗ്രൂപ്പുകൾ ഒഴികെ ബാക്കിയൊന്നിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല എന്നും കാണാവുന്നതാണ്. പദ്ധതികൾ നിർദ്ദേശിച്ച് തുടർന്നുള്ള ഘട്ടത്തിലോ മോണിറ്ററിങ്ങിന്റെ ഘട്ടങ്ങളിലോ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ യോഗം ചേർന്നിട്ടില്ലായെന്നും കാണുന്നു. പദ്ധതി രൂപീകരണത്തിലും നിർവ്വഹണ ഘട്ടങ്ങളിലും വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെ സുതാര്യതയും ബഹുജന പങ്കാളിത്തവും ഉറപ്പു വരുത്താനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്.

## 3-16 ലൈബ്രറി സെസ്സ് - സമയബന്ധിതമായി അടവാക്കിയില്ല

2014-15 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെയും ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക 2,43,397/- രൂപ ഗ്രാമ പഞ്ചായത്തിൽ നിന്നും കേരള സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയത് 21.10.2015 ലാണ്. (വൗച്ചർ നം.21500622) ആയതിന്റെ കൈപ്പറ്റ് രശീതി ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക ഓരോ അർദ്ധവർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൗൺസിലിൽ അടവാക്കണമെന്നും ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണെന്നും 20-9-05ലെ 10088/L3/05/LAD നമ്പറിലുള്ള സർക്കുലറിൽ വ്യക്തമാക്കിയിരുന്നു.സർക്കാർ നിർദ്ദേശം കണിശമായി പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 സർക്കാർ ഉത്തരവുകൾ പാലിക്കാതെ പരസ്യങ്ങൾ നൽകൽ

പൊതുഭരണവകുപ്പ് സ.ഉ.(അച്ചടിച്ചത്) 1/2004 ഐ.ആന്റ്.പി.ആർ. 01/01/2004 പ്രകാരം ദർഘാസ് പരസ്യങ്ങൾ പബ്ളിക് റിലേഷൻസ് വകുപ്പ് വഴിയല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നത് മൂന്നു സെന്റീമീറ്റർ xരണ്ടുകോളം വലുപ്പമുള്ള (24 ച.സെ.മീ) വിൻഡോ

പരസ്യങ്ങളാണ് തയ്യാറാക്കി നൽകേണ്ടത്. എന്നാൽ ഈ നിർദേശങ്ങൾ പാലിക്കാതെ പഞ്ചായത്ത് നൽകിയ പരസ്യങ്ങളുടെ വിവരം ചുവടെചേർക്കുന്നു.

| ക്രമനം | വൗച്ചർ നമ്പർ, തീയതി | തുക | വലിപ്പം (ച.സെ.മീ) | പത്രം |
|---|---|---|---|---|
| 1 | 21500034/16.4.15 | 4480 | 7x8= 56 | വീക്ഷണം |
| 2 | 21500036/16.4.15 | 5120 | 8x8= 64 | വീക്ഷണം |
| 3 | 21500038/16.4.15 | 5280 | 8x4= 32 | മാതൃഭൂമി |
| 4 | 21500309/16.7.15 | 15200 | 7x8= 56<br>8x12= 96 | വീക്ഷണം |
| 5 | 21500393/12.8.15 | 21600 | 8x8= 64<br>9x8= 72<br>8x5= 40 | വീക്ഷണം |
| 6 | ബിൽ നം. 621/30.9.15 | 12920 | 8x8.5= 68 | മാതൃഭൂമി |
| 7 | 21500037/16.4.15 | 4480 | 7x8= 56 | വീക്ഷണം |
| 8 | 21500033/16.4.15 | 3840 | 6x8= 48 | വീക്ഷണം |
| 9 | 21500035/16.4.15 | 3200 | 5x8= 40 | വീക്ഷണം |

ഇപ്രകാരം പരസ്യങ്ങൾ നൽകിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് എൻക്വയറി നം.14/25.11.16 നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പരസ്യം നല്കിയതിലെ അധിക ചെലവ് ഈടാക്കി വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-18 അസാധാരണ ചെലവുകൾ- ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്ഷിച്ചിട്ടില്ല

2015-16 ലെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനങ്ങൾ, പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകൾ, സംഭാവനകൾ തുടങ്ങിയ ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് അസാധാരണ ചെലവിനങ്ങളായി പരിഗണിക്കാതെ ദൈനംദിന ചെലവായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് കാണുന്നു. ചെലവ് രേഖകളിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തിയിരിക്കണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതും അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതുമാണ്. അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 പാലിയേറ്റീവ് പരിചരണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം : 102/16

പ്രോജക്റ്റിന്റെ പേര് : പാലിയേറ്റീവ് പരിചരണം

ആകെ അടങ്കൽ : 4,00,600/-

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

പഞ്ചായത്തിൽ പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി തൻവർഷം ആകെ 4,00,600/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ട്രഷറിയിൽ നിന്നും പിൻവലിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം, തീയതി | തുക |
|---|---|
| 01/15-16, തീയതി 17.07.15 | 70900 |
| 02/15-16, തീയതി 20.08.15 | 31600 |
| 03/15-16, തീയതി 23.12.15 | 86000 |

| | |
|---|---|
| 04/15-16, തീയതി 25.02.16 | 158000 |
| 06/15-16, തീയതി 19.03.16 | 54100 |
| ആകെ | 400600 |

പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി തൻവർഷം താഴെപറയും പ്രകാരമാണ് തുക ചെലവഴിച്ചിരിക്കുന്നത്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | പാലിയേറ്റീവ് നേഴ്സ് ഹോണറേറിയം @ 10000 x12 | 120000 |
| 2 | പാലിയേറ്റീവ് നേഴ്സിന് ടെലഫോൺ അലവൻസ് @300 x 11 | 3300 |
| 3 | വാഹന വാടക @ 1000 x 122 | 122000 |
| 4 | ഹോംകെയർ ടീമിന് ഭക്ഷണച്ചെലവ് @ 300 x 122 | 36600 |
| 5 | മരുന്ന്, സർജിക്കൽ ഉപകരണങ്ങൾ വാങ്ങൽ | 99999 |
| 6 | സ്റ്റേഷനറി,നോട്ടീസ്, പ്രിന്റിംഗ് | 5701 |
| 7 | വൊളണ്ടിയർ ട്രെയിനിംഗ് ഭക്ഷണച്ചെലവ് | 7000 |
| 8 | പി.എം.സി മീറ്റിംഗ് ഭക്ഷണച്ചെലവ് @ 500 x 7 | 3500 |
| 9 | മറ്റു ചെലവുകൾ | 2500 |
| ആകെ | | 400600 |

ഈ പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015 പ്രകാരം ( ജി.ഒ (ആർ.ടി) 3217/2015/ 29.10.2015) ഹോം കെയറിനുള്ള വാഹനം ദിവസ വാടകക്ക് എടുക്കുമ്പോൾ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടക്ക് എടുക്കേണ്ടത്. ക്വട്ടേഷൻ പി.എം.സി. അംഗീകരിക്കേണ്ടതാണ്. ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകക്ക് എടുക്കുമ്പോൾ നൽകാവുന്ന പരമാവധി ദിവസ വാടക താഴെ കൊടുക്കുന്നു.

| ഓടുന്ന ദൂരം | 15-24 കി.മീ | 25-34 കി.മീ | 35-44 കി.മീ | 45കി.മീ ൽ കൂടുതൽ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| Up and down | | | | |
| പരമാവധി വാടക | 800 രൂപ | 900 രൂപ | 1000 രൂപ | 1100 രൂപ |

അവണൂർ പി.എച്ച്.സി യിൽ ഹോം കെയറിനുള്ള വാഹനം ദിവസ വാടകക്ക് എടുത്താണ് ഉപയോഗിച്ചു വരുന്നത്. പ്രതിദിനം 1000/-രൂപ വാടക നൽകി വരുന്നു. തൻവർഷം ഈയിനത്തിൽ 1,22,000/-രൂപ ചെലവുചെയ്തിട്ടുണ്ട്. വാഹനം ദിവസ വാടകക്ക് എടുത്തപ്പോൾ മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്..

2. ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് (പരമാവധി 3പേർക്ക് 60 രൂപ വീതം ) ഭക്ഷണച്ചെലവായി പി.എം.സി യുടെ തീരുമാനപ്രകാരം ചെലവഴിക്കാവുന്നതാണെന്ന് ടി ഉത്തരവിൽ വ്യവസ്ഥയുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി ഹോംകെയർ ദിനങ്ങളിൽ 300/-രൂപ വീതം ഭക്ഷണച്ചെലവായി ചെലവുചെയ്തുകാണുന്നു.

3.പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹസന്ദർശന ദിവസങ്ങളിൽ സന്നദ്ധപ്രവർത്തകർക്കുള്ള ഭക്ഷണച്ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത് ആ വ്യക്തിയുടെ സ്ഥാപനത്തിന്റെ/അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ, ചെക്കായോ,ഡി.ഡി യായോ തുക ചെലവഴിക്കാൻ പാടില്ല (ഉത്തരവിലെ ഖണ്ഡിക 2.10.8). എന്നാൽ തൻവർഷത്തെ ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട എല്ലാ ചെലവുകൾക്കും പണമായിട്ടാണ് തുക നൽകിയിരിക്കുന്നത്.

4. ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനുവേണ്ടി ഒരു വർഷത്തേക്കുള്ള കരാർ വ്യവസ്ഥയിലായിരിക്കണം നേഴ്സുമാരെ നിയോഗിക്കേണ്ടത്. ഇതിനായി നിശ്ചിത മാതൃകയിൽ 200/- രൂപയുടെ മുദ്രപത്രത്തിലാണ് കരാർ വയ്ക്കേണ്ടത് (ഉത്തരവിലെ ഖണ്ഡിക 2.8.4). ഈ വ്യവസ്ഥയും പാലിച്ചുകാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ചോദിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 8/25.11.16) ലഭ്യമാക്കിയ മറുപടിയിൽ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2015, പദ്ധതി അംഗീകാരത്തിനുശേഷം ഇറങ്ങിയിട്ടുള്ളതിനാൽ അതിലെ നിർദ്ദേശങ്ങൾ തൻവർഷം നടപ്പാക്കാൻ കഴിഞ്ഞില്ലെന്നും പദ്ധതി സ്പിൽ ഓവർ ആകാതിരിക്കാൻ പദ്ധതി അടങ്കൽ തുക മുഴുവൻ ചെലവഴിക്കേണ്ടിവന്നു എന്നുമാണ് പറഞ്ഞിട്ടുള്ളത്. പദ്ധതി തൃപ്തികരമായി പൂർത്തീകരിച്ചാൽ, മുഴുവൻതുക ചെലവഴിച്ചില്ല എന്നതിന്റെ പേരിൽ സ്പിൽ ഓവർ ആവില്ല. പ്രോജക്റ്റ് ഭേദഗതി ചെയ്യാൻ പറ്റാതിരുന്നതിനാൽ വകയിരുത്തിയ തുക മുഴുവൻ ചെലവഴിച്ചു എന്ന വാദവും അംഗീകരിക്കാവുന്നതല്ല. ഭാവിയിൽ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 3-20 പി.എച്ച്.സി യിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -അപാകതകൾ

പ്രോജക്റ്റ് നം :183/16

പ്രോജക്റ്റിന്റെ പേര് :PHC അടിസ്ഥാന സൗകര്യവികസനം

ആകെ അടങ്കൽ : 1,00,000/-

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

പഞ്ചായത്ത് പദ്ധതി ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടത് ജി.ഒ.(ആർ.റ്റി.)1838/12/തസ്വഭവ, തീയതി.03.07.12 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആയിരിക്കണം. ഇതിലെ ഒരു വ്യവസ്ഥ അനുസരിച്ച് കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടത് IKM അതതു സമയങ്ങളിൽ നിർദ്ദേശിക്കുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചായിരിക്കണം (ഉത്തരവിലെ ക്രമനം.7). DGS&D റേറ്റ് കോൺട്രാക്റ്റിനേക്കാൾ കുറഞ്ഞ നിരക്കിലോ ഏതെങ്കിലും സ്പെസിഫിക്കേഷനുകൾക്ക് DGS&D റേറ്റ് കോൺട്രാക്ട് നിരക്കുകൾ നിലവിലില്ലെങ്കിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേനയോ വാങ്ങേണ്ടതാണ്. ടി ഉത്തരവിന് വിരുദ്ധമായി അവണൂർ പി.എച്ച്.സി യിലേക്ക് സിഡ്കോയിൽ നിന്നും കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് ക്രമപ്രകാരമല്ല. താഴെ പറയുന്ന നിരക്കിലാണ് ഇവ വാങ്ങിയതിന് സിഡ്കോക്ക് തുക നൽകിയിരിക്കുന്നത്

| ക്രമ നം | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | ACER Desktop PC Core i3 processor | 1 | 40530 |
| 2 | Windows 10/8,1 Original OS | 1 | 10710 |
| 3 | Epson L220 colour ink tank Printer | 1 | 11550 |
| TOTAL | | | 62790 |

എന്നാൽ ഇതേ വർഷം തന്നെ ആയുർവേദ ആശുപത്രി, ഹോമിയോ ആശുപത്രി, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിലേക്ക് IKM സ്പെസിഫിക്കേഷൻ പ്രകാരമുള്ള കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്നും വാങ്ങിയത് താഴെ പറയുന്ന നിരക്കിലാണ്.

| ക്രമ നം | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | ACER Desktop PC Core i3 processor Windows 7 proffessional preloaded | 1 | 45000 |
| 3 | LASER printer Canon LBP duplex | 1 | 11700 |
| TOTAL | | | 56700 |

മേൽ പറഞ്ഞതിൽ നിന്നും കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിൽ 6090/-രൂപ (62790-56700) അധികം ചെലവഴിച്ചതായി കാണാവുന്നതാണ്. സർക്കാർ ഉത്തരവിനു വിരുദ്ധമായി കമ്പ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 7/25.11.16) ഏറ്റവും പുതിയ വേർഷനിലുള്ള ഓപ്പറേറ്റിംഗ് സിസ്റ്റമുള്ള കമ്പ്യൂട്ടർ വാങ്ങിയതിനാലാണ് കൂടിയ വില നൽകേണ്ടിവന്നതെന്നാണ് മറുപടി നൽകി.ത്. എന്നാൽ ഇത് വാങ്ങുന്നതിനുമുമ്പ് സാങ്കേതികോപദേശം തേടിയതായി കാണുന്നില്ല. ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

## 3-21 പകർച്ചവ്യാധി നിയന്ത്രണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം : 159/16

പ്രോജക്റ്റിന്റെ പേര് :പകർച്ചവ്യാധി നിയന്ത്രണം

ആകെ അടങ്കൽ : 1,62,000/-

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

പഞ്ചായത്തിൽ പകർച്ചവ്യാധി നിയന്ത്രണപരിപാടികൾക്കായി പദ്ധതിഫണ്ടിൽ നിന്നും തൻവർഷം ആകെ 1,62,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ട്രഷറിയിൽ നിന്നും പിൻവലിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ട്രഷറി ബിൽ നം, തീയതി | തുക |
|---|---|
| 06/15-16, തീയതി 19.03.16 | 50286 |
| 07/15-16, തീയതി 22.03.16 | 49714 |
| ചെക്ക് നം | 62000 |
| ആകെ | 162000 |

പകർച്ചവ്യാധി നിയന്ത്രണപരിപാടികൾക്കായി തൻവർഷം താഴെപറയും പ്രകാരമാണ് തുക ചെലവഴിച്ചിരിക്കുന്നത്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ -ഓട്ടോ ചാർജ്ജ് | 29430 |
| 2 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ-നോട്ടീസ് | 6000 |
| 3 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ-പ്രചാരണ ചെലവ് | 5000 |

| | | |
|---|---|---|
| 4 | കിണറുകൾ ക്ലോറിനേഷൻ @ 3/-,<br>വീടുകളിൽ ഉറവിട കൊതുക് നശീകരണം @ 2/- നടത്തിയതിന് ആശാവർക്കർമാർക്ക് ഹോണറേറിയം | 79583 |
| 5 | സ്ഥാപനങ്ങളിൽ പരിശോധന -വാഹന വാടക | 28000 |
| 6 | ഫോഗിംങ്ങിന് ഇന്ധനച്ചെലവ് | 6377 |
| 7 | ഫോഗിംങ്ങിന് കൂലിച്ചെലവ് @ 600/-x 7 | 4200 |
| 8 | ഫോഗിംങ്ങ് മെഷീൻ -ഓട്ടോ ചാർജ്ജ് | 1770 |
| 9 | മറ്റു ചെലവുകൾ | 1640 |
| | ആകെ | 162000 |

ഈ പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, സർവ്വേകൾ, മറ്റ് വിവരശേഖരണങ്ങൾ, സാധാരണ ശുചീകരണ പ്രവർത്തനങ്ങൾക്കു പുറമേ നടത്തേണ്ടിവരുന്ന പ്രത്യേക ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ എന്നിവരിലൂടെയും എൻ.ആർ.എച്ച്.എം. പരിപാടികൾ, വാർഡ്തല ആരോഗ്യ-ശുചിത്വ-പോഷണ സമിതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ എന്നിവ ഉപയോഗപ്പെടുത്തിയും ചെയ്യേണ്ടതാണെന്ന് 12 ാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ട്. ഈ പ്രോജക്റ്റിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പകർച്ചവ്യാധി നിയന്ത്രണപരിപാടികൾ എല്ലാം തന്നെ ആരോഗ്യവകുപ്പിന്റെ ചുമതലയിൽ നടന്നുവരുന്നതാണ്. ഇതേ പ്രവൃത്തികൾക്കായി ആരോഗ്യവകുപ്പിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല എന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. ഫോഗിംങ്ങിന് ഇന്ധനച്ചെലവിനത്തിൽ 6377/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫോഗിംങ്ങ് മെഷീന്റെ ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റും ലോഗ് ബുക്കും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

3. സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി വാഹനവാടക ഇനത്തിൽ 28,000/- രൂപ ചെലവഴിച്ചിട്ടുണ്ട്(ഓരോ യാത്രക്കും 1000/-രൂപ വീതം). KL-08 W 6086 എന്ന വാഹനമാണ് എല്ലാ ദിവസങ്ങളിലും വാടകക്ക് വിളിച്ചിട്ടുള്ളത്. ട്രിപ്ഷീറ്റ് ഹാജരാക്കായിട്ടുണ്ടെങ്കിലും അതിൽ ഓടിയ ദൂരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ യഥാർത്ഥ ചെലവ് കണക്കാക്കാനായിട്ടില്ല. ഗതാഗതവകുപ്പിന്റെ നിലവിലെ നിരക്കനുസരിച്ച് കി.മീ.ക്ക് 12/- രൂപയേ അനുവദിക്കാവൂ.

4. ജി.ഒ(പി) 177/06 തീയതി 12.04,2006 ഉത്തരവു പ്രകാരം 1000/- രൂപക്കു മേലുള്ള ചെലവുകൾക്കുള്ള തുക പണമായി നൽകാൻ പാടില്ല. ഈ പദ്ധതിയിലെ എല്ലാ ചെലവുകൾക്കും തുക പണമായാണ് നൽകിയിരിക്കുന്നത്. പണമായി കൊടുത്ത തുക കൈപ്പറ്റിയതിന്റെ രേഖകളുണ്ടെങ്കിലും അതിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 9/25.11.16) മറുപടി ലഭ്യമാക്കിയെങ്കിലും അതുമായി ബന്ധപ്പെട്ട രേഖകൾ പിന്നീട് ഹാജരാക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. എൻ.എച്ച്.എം.തൃശ്ശൂർ ജില്ലാ പ്രോഗ്രാം മാനേജരുടെ 19.05.15 ലെ DPMSU/3144/Accountant1/15 നം ഉത്തരവു പ്രകാരം 2015-16 വർഷത്തേക്ക് 1,50,000/-രൂപ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും മറ്റുമായി ഈ പി.എച്ച്.സി ക്ക് തുക അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും മറ്റും പ്രത്യേകം പദ്ധതി രൂപീകരിച്ച് തുക വിനിയോഗിക്കാൻ പാടില്ലെന്ന് 12 ാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുണ്ട്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാലും ഇതേ പ്രവൃത്തികൾക്കായി ആരോഗ്യവകുപ്പിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല എന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലും ചെലവുതുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-22 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

സർക്കാരിന്റെ 51/03 തസ്വഭവ തീയ്യതി 22.02.2003 ഉത്തരവ് പ്രകാരം എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ടു സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും 2003ലെ കേരളാ പഞ്ചായത്ത് രാജ് ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾക്ക് വിധേയമായി ഫണ്ട് വിനിയോഗിക്കാവുന്നതുമാണ്. എന്നാൽ പഞ്ചായത്തിൽ പ്രസിഡന്റിന്റെ പേരിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ഗ്രാമപ്രദേശങ്ങളിൽ നിവസിക്കുന്ന നിർദ്ധനരായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിന് ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-23 തെരുവ് വിളക്ക് റിപ്പയർ -കരാറുകാരനിൽ നിന്നും നിയമാനുസൃതമായ നികുതികൾ ഈടാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള താഴെപ്പറയുന്ന പ്രവൃത്തിയ്ക്ക് നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി ഈടാക്കി ഒടുക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് | - തെരുവ് വിളക്ക് റിപ്പയർ (1/15-16) |
| അടങ്കൽ | - 4,00,000 |
| ചെലവ് | - 393925/- (ബിൽ നം. 15/28.12.15 ₹.329725/- |
| ബിൽ നം. | - 28/23.03.16 ₹.64200/- |
| കരാറുകാരൻ | - ഇബ്രാഹിം പി.കെ. |
| ആദായ നികുതി | - 1% - 3939/- |

കരാറുകാരനിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ നികുതി ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-24 ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത കെട്ടിടത്തിൽ അംഗനവാടി പ്രവർത്തിയ്ക്കുന്നു

22-03-2011 ലെ സർക്കുലർ നം.31055/ഡി.സി-2/2011/തസ്വഭവ ഖണ്ഡിക 'സി ' പ്രകാരം പഞ്ചായത്ത് അംഗനവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ച് L.S.G.D. എഞ്ചീനിയർ/ഓവർസീയർ പരിശോധിച്ച്, എല്ലാ വർഷവും മെയ്-10നകം ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് അനുവദിയ്ക്കണമെന്ന് വ്യവസ്ഥയുള്ളതാണ്. ആയതു സംബന്ധിച്ച സാക്ഷ്യപ്പത്രം ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ 101ാം നമ്പർ അംഗൻവാടി സുരക്ഷിതത്വമില്ലാത്തതാണെന്ന് L.D.G.D എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സൂചിപ്പിച്ചിട്ടുണ്ട്. ഈ അംഗൻവാടിയുടെ പുനർനിർമ്മാണത്തിന് RIDF-NABARD ഫണ്ട് 2014ൽ ലഭ്യമായെങ്കിലും നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത കെട്ടിടത്തിൽ അംഗൻവാടികൾ പ്രവർത്തിയ്ക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-25 കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് പ്രവൃത്തി-പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കണം

പ്രോജക്റ്റ് നം : 4/16

പ്രോജക്റ്റിന്റെ പേര് : സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ

ആകെ അടങ്കൽ : 4,00,000/-

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

അവണൂർ പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ, പോസ്റ്റ് മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി തൻവർഷം താഴെപറയും പ്രകാരം കെ.സ്.ഇ.ബി യുടെ 3 സെക്ഷൻ ഓഫീസുകളിലായി 3,83,792/-/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുക പിൻവലിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം, തീയതി | തുക |
|---|---|
| 8/15-16, തിയതി 28.09.15 | 133382 |
| 14/15-16, തിയതി 29.12.15 | 12864 |
| 890/15-16, തിയതി 08.01.16 | 237546 |

| | |
|---|---|
| ആകെ | 383792 |

ഈ തുക താഴെപറയും പ്രകാരമാണ് കെ.സ്.ഇ.ബി യുടെ 3 സെക്ഷൻ ഓഫീസുകളിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്.

| | |
|---|---|
| ഇലക്ട്രിക്കൽ സെക്ഷൻ, മുണ്ടൂർ | 70816 |
| ഇലക്ട്രിക്കൽ സെക്ഷൻ, വിയ്യൂർ | 62566 |
| ഇലക്ട്രിക്കൽ സെക്ഷൻ, പെരിങ്ങണ്ടൂർ | 250410 |
| ആകെ | 383792 |

പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-26 ആശ്രയ പദ്ധതി പുരോഗതി

ആശ്രയ പദ്ധതി പുരോഗതി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ഇനം | 1st പ്രോജക്ട് | 2nd പ്രോജക്ട് |
|---|---|---|---|
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിതിയിലുള്ള ആശ്രയ കുടുംബങ്ങൾ | 121 | 75 |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | 251 | 173 |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 6 | 12 |

| | | | |
|---|---|---|---|
| 4 | നാളിതുവരെ ലഭിച്ചവർ | - | - |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | 19 | 16 |
| 6 | നാളിതുവരെ ലഭിച്ചവർ | 4 | - |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | 14 | 26 |
| 8 | നാളിതുവരെ ലഭിച്ചവർ | - | - |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | - | - |
| 10 | നാളിതുവരെ ലഭിച്ചവർ | - | - |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 6 | 21 |
| 12 | നാളിതുവരെ ലഭിച്ചവർ | - | - |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതികരണം ആവശ്യമുള്ളവർ | 1 | 2 |
| 14 | നാളിതുവരെ ലഭിച്ചവർ | - | - |
| 15 | ഗ്രാമ പഞ്ചായത്ത് പരിതിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | 121 | 75 |

| | | | | |
|---|---|---|---|---|
| 16 | ഗ്രാമ പഞ്ചായത്ത് പരിതിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ | | 121 | 75 |
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | ചലഞ്ച് ഫണ്ട് | 15,00,000 | 3,33,333 |
| | | പ്ലാൻ ഫണ്ട് | 10,05,676 | - |
| 18 | ആശ്രയ പദ്ധതി പ്രകാരം ചെലവ് | ചലഞ്ച് ഫണ്ട് | 3,99,746 | - |
| | | പ്ലാൻ ഫണ്ട് | 9,25,100 | |
| 19 | നീക്കിയിരിപ്പ് | ചലഞ്ച് ഫണ്ട് | 12,95,633 | 3,33,333 |
| | | പ്ലാൻ ഫണ്ട് | 80,576 | - |
| 20 | ചെലവ് ശതമാനം | ചലഞ്ച് ഫണ്ട് | 26% | - |
| | | പ്ലാൻ ഫണ്ട് | 92% | - |

മേൽ വിവരിച്ചതിൽ നിന്നും ആശ്രയ പദ്ധതിയുടെ നടത്തിപ്പ് പരോഗതിയിൽ അവണൂർ ഗ്രാമപഞ്ചായത്ത് വളരെ പിന്നിലാണ് എന്നു കാണുന്നു പദ്ധതിയുടെ പൂർത്തീകരണത്തിന് അടിയന്തര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-27 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,2015-16 വർഷത്തെ പരോഗതി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 2015-16 വർഷത്തെ മൊത്തം അടങ്കൽ | 5,98,72,185 |
| 2 | 2015-16 വർഷത്തെ മുൻ ബാക്കി | ഇല്ല |
| 3 | 2015-16 വർഷത്തെ ആകെ വരവ് | 49,30,676 |
| 4 | 2015-16 വർഷത്തെ ആകെ ചെലവ് | 49,30,302 |
| 5 | 2015-16 വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 374 |
| 6 | 2015-16 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | 184 |
| 7 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ ചെയ്തപദ്ധതികളുടെ എണ്ണം | 110 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 1967 |
| 9 | 2015-16 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | |

| സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|
| 21934 | 3391 | 25325 |

| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
|---|---|---|---|
| 6963 | - | 18362 | 25325 |

| | | |
|---|---|---|
| 11 | 2015-16 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 596 |
| 12 | 2015-16 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 31 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | - |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 വർഷത്തിൽ വിതരണം ചെയ്ത വേതനം | 46,18,276 |
| 15 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | 9 കിണറുകൾകുഴിച്ചിട്ടുണ്ട് |
| 16 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | 2014-15 രണ്ടാം ഘട്ടം (ഒക്ടോബർ 2014 മുതൽ മാർച്ച്-2015)<br>2015-16 ഒന്നാം ഘട്ടം (ഏപ്രിൽ 2015 മുതൽ സെപ്റ്റംബർ 2015 വരെ) |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | 4 | 1,92,341 |
| 2 | വരൾച്ച തടയൽ , വനവത്കരണം | 2 | 1,74,498 |
| 3 | ചെറുകിട ജലസേചനം | - | - |
| 4 | പട്ടികജാതി/ പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയില് ജലസംരക്ഷണം | 128 | 23,81,423 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 22 | 6,55,856 |
| 6 | ഭൂവികസനം | - | - |
| 7 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 28 | 12,14,158 |
| 8 | മറ്റുള്ളവ | - | - |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 1,62,500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് | 1,58,350 | 4,150 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,62,500 | -do- | 1,58,350 | 4,150 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ഡി.ഡി. നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ. എസ്. ഇ. ബി. | സ്ട്രീറ്റ് ലൈറ്റ് മെയിന്റനസ് & സൂപ്പർവിഷൻ | 790089 – 01/10/15<br>790088 – 10/10/15<br>758639 – 01/01/16<br>758786 – 08/01/16<br>758787 – 08/01/16<br>758788 – 08/01/16 | 3,83,792 | - | പൂർത്തി കരിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | 758789 – 08/01/16 | | | |
| | | 758790-08/01/16 | | | |
| സോഷ്യോ ഇക്കോമിക്സ് യൂണിറ്റ് ഫൗണ്ടേഷൻ,തൃശ്ശൂർ | പുതുകുളം കുടിവെള്ള പദ്ധതി | 759556-24/02/16 ₹68,600 | 1,98,600 | - | പൂർത്തി കരിച്ചിട്ടില്ല |
| | അവണൂർ റേഡിയോസ്റ്റേഷൻ കുടിവെള്ള പദ്ധതി | 113606-16/10/15 ₹5,086 | | | |
| | | 113607-16/10/15 ₹44,914 | | | |
| | പെരിഞ്ചിറ കുടിവെള്ള പദ്ധതി | 759555 – 24/02/16 ₹80,000 | | | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് രാജീവ്ഗാന്ധി ഹൗസിംങ്ങ് ലോൺ, ഭവന വായ്പ യിനത്തിൽ ജില്ലാ സഹകരണബാങ്കിൽ നിന്നും അനുവദിച്ച,₹1,50,00,000 യിൽ ₹7300000 വരവുണ്ട്. ₹73,00,000 വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ തുക | വർഷാരം | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തീയ്യതി | | ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| രാജീവ്ഗാന്ധി ഹൗസിംങ്ങ് ലോൺ | G.O(MS) 83/13/ LSGD തീയ്യതി: 01-03-13 | 1,50,00,000 | 0 | - | - | 73,00,000 |
| ഇ.എം,എസ്. ഹൗസിംഗ് ലോൺ | G.O(MS) 90/13/LSGD തീയ്യതി: 04-03-13 | 18,23,350 | 8,74,300 | 7,59,240 | 84,031 | 1,15,060 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശയിനത്തിൽ വരവ്) | 573 |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,573 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| (1)സർട്ടിഫിക്കറ്റ് നമ്പർ:10733043594<br>തൃശ്ശൂർ ജില്ലാ സഹ. ബാങ്ക് | 10,000 |
| (2)സർട്ടിഫിക്കറ്റ് നമ്പർ:10733029228<br>തൃശ്ശൂർ ജില്ലാ സഹ. ബാങ്ക് | 10,000 |
| പലിശയിനത്തിലുള്ള വരവ് | 573 |

| | |
|---|---|
| ആകെ | 20,573 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | 5 | 2015 മാർച്ച് | 4 | ബജറ്റ്, അസറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ അപാകത | ന്യൂനതകൾ പരിഹരിയ്ക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. A3-8107/16 തിയ്യതി: 06-09-'16 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹.50848763 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹.5,55,87,795 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ₹.21,777 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹.1,62,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹.3,83,792 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4 | ₹6,250 | | കെ.ബി.രെജി, സെക്രട്ടറി |
| 2-6 | ₹13,187 | | “ |
| 2-7 | ₹2,340 | | “ |
| 3-21 | | ₹ 1,62,000 | ഡോ.പി.എസ്.സന്തോഷ്,മെഡിക്കൽ ഓഫീസർ,പി.എച്ച്.സി.അവണൂർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-25 | 383792 | കെ ബി രെജി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-23

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-6, 3-21

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| കെ.ബി.രെജി, സെക്രട്ടറി | സെക്രട്ടറി, അവണൂർ ഗ്രാമ പഞ്ചായത്ത് | മലപ്പുറത്ത് ഹൗസ്, കോലഴി |
| ഡോ.പി.എസ്.സന്തോഷ് മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി അവണൂർ | 'ആതിര',പാറപ്പറമ്പിൽ ലെയിൻ,പൂങ്കുന്നം,തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1975-76, | എൽ.എഫ്.ടി.എസ്.2-902/11/28.10.11/ 06.12.11 | | |
| 76-77, | | | |
| 77-78, | | | |
| 78-79, | | | |
| 79-80, | | | |
| 80-81 | | | |
| 81-82 | | | |
| 82-83 | | | |
| 83-84 | | | |
| 84-85 | | | |
| 88-89 | | | |

| | | | |
|---|---|---|---|
| 89-90 | | | |
| 92.93 | | | |
| 93-94 | | | |
| 94-95 | | | |
| 95-96 | | | |
| 96-97 | എൽ.എഫ്.ടി.9-113/97/15.06.98 /15.09.98 | | |
| 97-98 (ചെലവ്) | എൽ.എഫ്.ടി.21-1243/98 /12.01.99 | | |
| 97-98 (വരവ്) | എൽ.എഫ്.ടി.21-1130/02/09.12.02 /28.03.03 | | |
| 98-99 | എൽ.എഫ്.ടി.12-1131/02/13.12.02 /28.03.03 | | |
| 99-2000 (പ്ലാൻ) | എൽ.എഫ്.ടി.12-921/03/15.11.03/13.01.04 | | |
| 99-00 (പ്ലാൻ ഒഴികെ) | എൽ.എഫ്.ടി.12-242/06/04.08.06/ 08.12.06 | | |
| 00-01, 01-02 | എൽ.എഫ്.ടി.12-1574/03/ 08.02.04/ 21.05.04 | | |

| | | | |
|---|---|---|---|
| (പ്ലാൻ) | | | |
| 02-03 | എൽ.എഫ്.ടി.12-774/02/07.10.06 /17.11.06 | | |
| 03-04 | എൽ.എഫ്.ടി.12- 2852/06/18.05.07/ 09.11.07 | | |
| 04-05 | എൽ.എഫ്.ടി.12-1795/08/29.05.10 | | |
| 05-06 | എൽ.എഫ്.ടി.12-1799/08/29.05.10 | | |
| 06-07 | എൽ.എഫ്.ടി.പി.6-234/11/29.11.11 | | |
| 07-08, 08-09, 09-10 | എൽ.എഫ്.ടി.പി.6-235/11/29.11.11 | | |
| 10-11 | എൽ.എഫ്.ടി.പി.3-2121/11/28.02.12 | | |
| 11-12 | എൽ.എഫ്.ടി | | |
| 12-13 | എൽ.എഫ്.ടി.പി.3-2170/13/11.02.14 /14.05.14 | | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.പി.3-1953/14 /14.07.15/13.10.15 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.3-632/16 /26-05-2016 | | |

ഡെപ്യൂട്ടി ഡയറക്ടർ

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSA-TSR(P3)2103/16

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Dated 17.12.2016

Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Avanur Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Avanur Grama Panchayat for the year 2015-16 except the observations in my Audit Report properly presents the picture of income and

expenditure.

DEPUTY DIRECTOR

കെ.എസ്.എ-ടി.എസ്.ആർ(പി3)2103/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

തിയ്യതി 17.12.16 ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അവണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ